**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1907** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഹജ്ജ് തീർത്ഥാടനത്തിനുള്ള ഒരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ നടന്നുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ നടന്നുവരുന്ന നടപടി ക്രമങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | ഹാജിമാർക്കായി ഹജ്ജ് ഹൗസിൽ ഒരുക്കുന്ന പുതിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | ഹജ്ജ് തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർധിപ്പിക്കുക എന്ന ലക്ഷ്യത്തോട് കൂടി നിലവിലുള്ള ഹജ്ജ് ഹൗസിനോട് ചേർന്ന് സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ 31093.97 square feet ഏരിയയോട് കൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തി പൂർത്തിയായിവരുന്നു. ഹജ്ജ് ക്യാമ്പ് സമയത്ത് ഉണ്ടാകുന്ന മാലിന്യമുൾപ്പെടെ മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഈ വർഷത്തെ ഹജ്ജ് കർമ്മം അനുഷ്ഠിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (സി) | ഈ വർഷത്തെ ഹജ്ജ് കർമ്മം അനുഷ്ഠിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച് അനുബന്ധം 2-ആയി ചേർക്കുന്നു. |
| (ഡി) | കരിപ്പൂരിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നിലനിർത്താൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് വിമാനത്താവളത്തിൽ നിലനിർത്തുന്നതിന് വേണ്ടി സംസ്ഥാന കായിക വഖഫ് ഹജ്ജ് കാര്യ മന്ത്രി, കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി, കേന്ദ്ര വ്യോമയാന കാര്യ മന്ത്രി എന്നിവരുമായി 2021 നവംബർ മാസം നേരിട്ട് കണ്ട് ചർച്ച നടത്തുകയും അനുകൂല നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് നിലനിർത്തണമെന്ന ആവശ്യം ഉന്നയിച്ച് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിയ്ക്കും കേന്ദ്ര വ്യോമയാന മന്ത്രിയ്ക്കും കത്തുകൾ നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ടി കാര്യത്തിൽ ഇതുവരെ ഉറപ്പ് ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്തും, ഹജ്ജ് തീർത്ഥാടകരുടെ സൗകര്യം കണക്കിലെടുത്തും കൊണ്ട്, ടി ആവശ്യം |

| | | | |
|---|---|---|---|
| | | | പരിഗണിക്കണമെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിയോട് ബഹു.കായിക വഖഫ് ഹജ്ജ് വകുപ്പ് മന്ത്രിയുടെ 10/03/2022-ലെ കത്ത് പ്രകാരം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രാലയത്തിന് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം-3ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

1) **സംസ്ഥാന ഹജ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു** : ഹജ്ജ് തീർത്ഥാടനം കാര്യക്ഷമമായി നിർവഹിക്കുന്നതിനാവശ്യമായ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന്, സംസ്ഥാന സർക്കാർ മൈനോറിറ്റി വകുപ്പിന് കീഴിൽ ഹജ്ജ് കമ്മിറ്റിയും ഹജ് കമ്മിറ്റി ഓഫീസും ഉണ്ട്. ഹജ് കമ്മിറ്റി ഓഫീസ് ഹജ് യാത്രയുമായി ബന്ധപ്പെട്ട മറ്റുഓഫീസുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു

2) **ഹജ് അപേക്ഷാ സ്വീകരിക്കുന്നു:** ഹജ് അപേക്ഷ ക്ഷണിക്കുന്നതോടെ, സംസ്ഥാന ഹജ് കമ്മിറ്റികൾ അതാത് സംസ്ഥാനത്ത് മേൽസന്ദേശം പ്രചരിപ്പിക്കുകയും ഹജ് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം സംസ്ഥാനത്തുടനീളം ലഭ്യമാക്കുകയും ചെയ്യുന്നു. ആയതിന് കേരളത്തിലെ 14 ജില്ലകളിലായി 350 സന്നദ്ധ പ്രവർത്തകരായ ഹജ്ജ് ട്രെയ്നർമാരെ സജ്ജീകരിക്കുകയും അവരുടെ സേവനം ജില്ലാതലത്തിലും നിയമസഭാ മണ്ഡലാടിസ്ഥാനത്തിലും വിന്യസിക്കുകയും കേരളത്തിലെ എല്ലാ പ്രദേശങ്ങളിലുമുള്ള അപേക്ഷകർക്ക് സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുന്നു. ട്രെയ്നർമാരുടെ വിശദമായ വിവരങ്ങൾ വാർത്താ മാധ്യമങ്ങൾ മുഖേനയും സോഷ്യൽ മീഡിയ മുഖേനയും പരസ്യപ്പെടുത്തുകയും ചെയ്യുന്നു.

3) **ഹജ് ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കുന്നു** : ഹജ് അപേക്ഷ നടപടികൾ ഇപ്പോൾ പൂർണമായും ഓൺലൈൻ വഴിയാണ്. ആയതിനാൽ ഹജ് അപേക്ഷകർക്ക് അവരവരുടെ പ്രദേശങ്ങളിലെ അക്ഷയ/CSC മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ കരിപ്പൂർ ഹജ് കമ്മിറ്റി ഓഫീസ് കേന്ദ്രീകരിച്ചും കോഴിക്കോട് റീജിയണൽ ഓഫീസ് കേന്ദ്രീകരിച്ചും അതാത് സമയത്ത് പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കും. ഹജ് കമ്മിറ്റി ഹെൽപ്പ് ഡെസ്ക് വഴിയും ഹജ് കമ്മിറ്റി ട്രെയ്നർമാർ മുൻകയ്യെടുത്ത് പ്രവർത്തിക്കുന്ന ഹെൽപ്ഡെസ്ക് വഴിയും സൗജന്യമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4) **ഓൺലൈൻ അപേക്ഷ ട്രെയിനിംഗ് സംഘടിപ്പിക്കുന്നു** : ഓൺലൈൻ ഹജ് അപേക്ഷ സമർപ്പണം സുഗമമാക്കുന്നതിന്, ഹജ് ട്രെയ്നർമാർക്കും അക്ഷയ, CSC സംരംഭകർക്കും ഓൺലൈൻ ഹജ് അപേക്ഷ സംബന്ധമായ ട്രെയിനിങ് ഹജ് കമ്മിറ്റി സംഘടിപ്പിക്കുന്നു.

5) **ഓൺലൈൻ അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുന്നു** : ഓൺലൈൻ അപേക്ഷ സമർപ്പണ സമയം അവസാനിക്കുന്ന മുറക്ക്, ഓൺലൈൻ വഴി ലഭിച്ച ഓരോ അപേക്ഷയും അവരുടെ രേഖകൾ വെച്ച് പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ആവശ്യമായ രേഖകൾ അപ് ലോഡ് ചെയ്യിപ്പിച്ച് അപേക്ഷാ ഫോറം സൂക്ഷ്മമായി പരിശോധന നടത്തി മുംബൈയിലുള്ള ഓഫീസിലേക്ക് തുടർ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്യുന്നു.

6) **ലഭിച്ച അപേക്ഷയിൽ നിന്ന് ഹജ് തീർത്ഥാടകരെ തിരഞ്ഞെടുക്കുന്നു** : സൂക്ഷ്മപരിശോധന പൂർത്തിയാക്കിയ കുറ്റമറ്റ അപേക്ഷകളിൽ നിന്ന് നറുക്കെടുപ്പിലൂടെ ഓരോ വർഷത്തെയും തീർത്ഥാടകരെ തിരഞ്ഞെടുക്കുകയും ശേഷിക്കുന്ന അപേക്ഷകരിൽ നിന്ന് വീണ്ടും നറുക്കെടുത്ത് വെയ്റ്റിംഗ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. തിരഞ്ഞെടുത്ത തീർത്ഥാടകരുടെയും വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ തീർത്ഥാടകരുടെയും വിവരങ്ങൾ വാർത്താമാധ്യമങ്ങൾ, സോഷ്യൽ മീഡിയ, വ്യക്തികത മെസ്സേജ് (sms) എന്നിവ വഴി തീർത്ഥാടകരെ അറിയിക്കുകയും ചെയ്യുന്നു

7) **ഒറിജിനൽ രേഖകൾ സ്വീകരിക്കുന്നു:** അതാത് വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട തീർത്ഥാടകരിൽ നിന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഗഡു തുകയും പാസ്പോർട്ട്, മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള യാത്ര രേഖകളും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന്, കരിപ്പൂർ ഹജ് കമ്മിറ്റി ഓഫീസിന് പുറമേ കണ്ണൂർ കളക്ടറേറ്റ്, എറണാകുളം വഖഫ്ബോർഡ് ഓഫീസ് എന്നിവിടങ്ങളിൽ ഹജ് കമ്മിറ്റി ഓഫീസ് ജീവനക്കാർ നിശ്ചിത ദിവസം ക്യാമ്പ് ചെയ്ത് രേഖകൾ സ്വീകരിക്കുകയും ചെയ്യുന്നു.

8) **ഒറിജിനൽ രേഖകൾ കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിൽ എത്തിക്കുന്നു:** തിരഞ്ഞെടുക്കപ്പെട്ട തീർത്ഥാടകരിൽ നിന്ന് ലഭിച്ച പാസ്പോർട്ടുകൾ അവരുടെ രജിസ്ട്രേഷൻ നമ്പർ (കവർ നമ്പർ) അടിസ്ഥാനത്തിൽ ക്രമീകരിച്ച് മുംബൈയിലുള്ള കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിലേക്ക് എത്തിക്കുകയും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ് ജീവനക്കാർ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിലെത്തി ആയത് എണ്ണിത്തിട്ടപ്പെടുത്തി കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിന് കൈമാറുകയും ചെയ്യുന്നു.

9) **വെയ്റ്റിംഗ് ലിസ്ററ് പരിഗണിക്കൽ** : തിരഞ്ഞെടുക്കപ്പെട്ട ലിസ്റ്റിൽ നിന്ന് ആരെങ്കിലും ഹജ് യാത്ര ക്യാൻസൽ ചെയ്യുന്നതുമൂലവും സംസ്ഥാനത്തിന് അധിക ഹജ് ക്വാട്ട ലഭിക്കുന്ന സമയത്തും വെയ്റ്റിങ് ലിസ്റ്റിൽ നിന്നും തീർത്ഥാടനത്തിന് അപേക്ഷകരെ പരിഗണിക്കുന്നതാണ്.

10) **ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കൽ:** തിരഞ്ഞെടുക്കപ്പെടുന്ന തീർത്ഥാടകർക്ക് അവരവരുടെ പ്രദേശങ്ങളിൽ 3-ഘട്ടങ്ങളിലായി ഓറിയന്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

**ഒന്നാംഘട്ടം** : ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് നൽകുന്ന ആദ്യ പരിശീലന ക്ലാസ്സിൽ, ഹജ്ജ് കമ്മിറ്റിയുടെയും കേന്ദ്ര ഹജ് കമ്മിറ്റി, കോൺസൽ ജനറൽ ജിദ്ധ എന്നിവരുടെയും പ്രതിനിധികൾ മക്കയിലെയും മദീനയിലെയും ഒരുക്കങ്ങളെകുറിച്ചും,യാത്രക്ക് മുമ്പ് ഹാജിമാർ ശീലിക്കേണ്ടതും ഒഴിവാക്കേണ്ടതുമായ കാര്യങ്ങളെ കുറിച്ചും ഒന്നാംഘട്ട തുക ഒടുക്കൽ, മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവയെ കുറിച്ചും വിശദീകരിച്ച് സംസാരിക്കും.

**രണ്ടാംഘട്ടം** : ഈ ഘട്ടത്തിൽ മണ്ഡലം/മേഖലാ അടിസ്ഥാനത്തിൽ 250-300 നും ഇടയിൽ ഹാജിമാരെ സംഘടിപ്പിച്ച് സൗകര്യപ്രദമായ ഓഡിറ്റോറിയത്തിൽ വെച്ച് പവർപോയിന്റ് പ്രസേൻറ്റേഷന്റെ സഹായത്താൽ, വീട്ടിൽ നിന്നും യാത്ര തിരിക്കുന്നത് മുതൽ

ഹജ് കർമ്മം പൂർത്തിയാക്കി വീട്ടിൽ തിരിച്ചെത്തുന്നത് വരെയുള്ള വിശദമായ സാങ്കേതിക ക്ലാസ്സ് സംശയ നിവാരണ സഹിതം ലഭ്യമാക്കുന്നു.

**മൂന്നാംഘട്ടം** : WHO യുടെ മാനദണ്ഡപ്രകാരമുള്ള മെനഞ്ചൈറ്റിസ്, പോളിയോ വാക്സിനേഷൻ, ഫ്ലൈറ്റ് ഷെഡ്യൂൾ, എയർപോർട്ടിൽ എത്തേണ്ട സമയം, യാത്രയുടെ ഒരുക്കങ്ങൾ, കരുതേണ്ട ഭക്ഷണ പദാർത്ഥങ്ങൾ, കയ്യിൽ കരുതാവുന്ന പണം,വിമാനത്തിൽ കൊണ്ടുപോകാൻ പാടില്ലാത്ത വസ്തുക്കൾ, ലഗേജ്, കരുതേണ്ട മരുന്ന്, വസ്ത്രം, യാത്ര പറയൽ തുടങ്ങിയവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഈ ഘട്ടത്തിൽ തീർത്ഥാടകർക്ക് ലഭ്യമാകുന്നു.

11) **ട്രെയിനിങ് ഫാക്കൽറ്റികളെ തയ്യാറാക്കൽ:** തിരഞ്ഞെടുക്കപ്പെടുന്ന 250-300 നും ഇടയിൽ ഹാജിമാരെ മണ്ഡലം/മേഖലാ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സംസ്ഥാനത്തുടനീളം 50 ൽ പരം ക്ലാസുകൾ ഓരോഘട്ടത്തിലും സംഘടിപ്പിക്കുന്നുണ്ട്. അതേപ്രകാരം മൂന്ന് ഘട്ടങ്ങൾ പൂർത്തിയാക്കും. ട്രെയിനിങ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ഫാക്കൽറ്റികളെ ഹജ് കമ്മിറ്റി ട്രെയിനിങ് നൽകി സജ്ജമാക്കും, ഏകീകൃത രൂപത്തിലുള്ള ക്ലാസ് എല്ലാവർക്കും ലഭ്യമാക്കാൻ ഇത് ഉപകരിക്കുന്നു. ഹജ്ജ് ട്രെയിനർമാരുടെയും മറ്റു സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെയാണ് ക്ലാസുകൾ ക്രമീകരിക്കുന്നത്. മേൽ ട്രെയിനിങ്ങുകൾക്ക് ഹജ്കമ്മിറ്റി കോഓർഡിനേറ്റർ നേതൃത്വം നൽകുന്നു. കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന ട്രൈനർമാരെ ബോംബെയിലെ ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെ ഓഫീസിൽ വച്ച് രണ്ട് ദിവസം ട്രെയിനിങ്ങിന് വിധേയമാക്കുന്നു.

മൂന്ന് ഘട്ട ട്രെയിനിംഗ് പൂർത്തിയാകുന്നതോടെ, തീർത്ഥാടകർ അന്താരാഷ്ട്ര യാത്രക്കാർ അറിഞ്ഞിരിക്കേണ്ടതും അതേപോലെ ഹജ്ജ്-ഉംറ സംബന്ധമായ അത്യാവശ്യ കാര്യങ്ങളും, മക്കയിലേയും മദീനയിലേയും ഹറമുകളിലും താമസസ്ഥലങ്ങളിലുമൊക്കെ പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളും ക്ലാസുകളിലൂടെ വിശദീകരിക്കുന്നു. മേൽ ട്രെയിനിങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക ചിലവുകൾ സംസ്ഥാന ഹജ്ജ് കമ്മിറ്റി വഹിക്കുന്നതാണ്.

12) **ഹജ്ജ് വോളണ്ടിയർമാരെ തെരെഞ്ഞടുക്കൽ** : ഹാജിമാരെ ഹജ് ക്യാമ്പിൽ നിന്നും അനുഗമിച്ച്, ഹജ് ക്യാമ്പ്, എയർപോർട്ട്, വിമാനം, ജിദ്ദ എയർപോർട്ട്, ലഗേജ് കളക്ഷൻ, മക്കയിലെ/മദീനയിലെ താമസസ്ഥലം, ആദ്യ ഉംറ, മിന, അറഫ, മുസ്ദലിഫ, ത്വവാഫ് തുടങ്ങി, ഹജ് കർമ്മം പൂർത്തിയാക്കി വീട്ടിൽ തിരിച്ചെത്തുന്നത് വരെ ആവശ്യമായ സഹായം ചെയ്യുന്നതിന് വേണ്ടി നിശ്ചിത യോഗ്യതയുള്ള സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഹജ്ജ് വളണ്ടിയർമാരായി തെരെഞ്ഞെടുക്കുന്നു.

13) **പ്രതിരോധ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിക്കൽ** : WHO നിർദേശപ്രകാരമുള്ള നിർബന്ധമായ മെനിഞ്ചൈറ്റിസ് വാക്സിനേഷൻ, പോളിയോ വാക്സിനേഷൻ എന്നിവ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ യാത്രയ്ക്ക് മുമ്പായി മുഴുവൻ യാത്രക്കാർക്കും അതാത് താലൂക്ക് ആശുപത്രികൾ മുഖേന ലഭ്യമാക്കുന്നതിന് ആവശ്യമായ

ഇടപെടലുകൾ നടത്തുന്നു. ഈ വർഷം മുതൽ കോവിഡ്-19 പ്രതിരോധ കുത്തിവെപ്പ്, RTPCR ടെസ്റ്റ് എന്നിവകൂടി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തും.

14) **ഹജ് ക്യാമ്പ് സംഘടിപ്പിക്കൽ :**

കേരളം, മാഹി, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുത്ത്, യാത്രാ നടപടികൾ പൂർത്തീകരിച്ച തീർത്ഥാടകരെ ഒരു ദിവസം മുമ്പ് ഹജ് ക്യാമ്പിൽ താമസിപ്പിച്ച് അവസാന ഘട്ട നിർദേശങ്ങൾ നൽകി, ഇഹ്റാം ചെയ്യിപ്പിക്കൽ ഉൾപ്പടെ യാത്രക്ക് മുമ്പുള്ള എല്ലാ തയ്യാറെടുപ്പുകളും ഉറപ്പാക്കി, ഹാജിമാരെ അനുഗമിക്കുന്ന ഹജ് വോളണ്ടീയർമാരുടെ നേതൃത്വത്തിൽ പ്രത്യേക വാഹനത്തിൽ എയർപോർട്ടിലേയ്ക്ക് എത്തിച്ച് ഇമ്മിഗ്രേഷൻ ഉൾപ്പടെയുള്ള എയർപോർട്ടിലെ നടപടികൾ പൂർത്തീകരിച്ച് വിമാനയാത്രയ്ക്ക് തയാറെടുപ്പിക്കുന്നു.

15) **സർക്കാർ ഹജ് സെൽ** : വിവിധ സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും ഹജ് ക്യാമ്പ് കാലയളവിലേക്ക് മാത്രമായി വർക്കിംഗ് അറേഞ്ച്മെൻറ് മുഖേന സർക്കാർ നിയോഗിക്കുന്നവരാണ് ഹജ് സെൽ അംഗങ്ങൾ. ഹജ് യാത്രക്കായി, ഹജ് ക്യാമ്പിൽ റിപ്പോർട്ട് ചെയ്ത ഹജ് തീർത്ഥാടകർക്ക് യാത്രാ രേഖകളും, പ്രത്യേക തിരിച്ചറിയൽ കാർഡുകളും, യാത്രയിൽ ചിലവാക്കുന്നതിനുള്ള സൗദിറിയാൽ ഉൾപ്പടെയുള്ളവയും ക്യാമ്പിൽ വെച്ച് ഹജ് സെൽ ജീവനക്കാർ ഹാജിമാർക്ക് കൈമാറുന്നു. ഹജ് തീർത്ഥാടകർക്ക് യാത്രയുടെ അവസാന ഘട്ട നിർദേശങ്ങൾ നൽകി എയർപോർട്ടിലേക്ക് അനുഗമിക്കുന്നത് ഹജ് സെൽ ജീവനക്കാരാണ്. ഹജ് യാത്ര അവസാനിച്ച് തിരിച്ച് വരുന്ന തീർത്ഥാടകരെ എയർപോർട്ടിൽ സഹായിക്കുന്നതിനും പ്രത്യേക ഹജ് സെൽ അംഗങ്ങളെ സർക്കാർ നിയോഗിക്കാറുണ്ട്. തിരിച്ച് വരുന്ന ഹാജിമാർക്ക് എയർപോർട്ടിൽ നിന്നും ലഗേജ്, സംസം ഉൾപ്പടെയുള്ളവ ക്രമീകരിച്ച് ഓരോ തീർത്ഥാടകനെയും എയർപോർട്ടിന്റെ പുറത്തെത്തിച്ച് ബന്ധുക്കളോടൊപ്പം യാത്രയാക്കുന്നതുവരെയുള്ള കാര്യങ്ങൾ ചെയ്തുകൊടുക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2

| ക്രമ നമ്പർ | ജില്ല | Cover Generate (Pilgrims) |
|---|---|---|
| 1 | തിരുവനന്തപുരം | 387 |
| 2 | കൊല്ലം | 381 |
| 3 | പത്തനംതിട്ട | 54 |
| 4 | ആലപ്പുഴ | 210 |
| 5 | കോട്ടയം | 137 |
| 6 | ഇടുക്കി | 98 |
| 7 | എറണാകുളം | 1214 |
| 8 | തൃശ്ശൂർ | 541 |
| 9 | പാലക്കാട് | 659 |
| 10 | മലപ്പുറം | 4036 |
| 11 | കോഴിക്കോട് | 2740 |
| 12 | വയനാട് | 260 |
| 13 | കണ്ണൂർ | 1437 |
| 14 | കാസർഗോഡ് | 656 |
| | Total | 12810 |

സെക്ഷൻ ഓഫീസർ

അനുബന്ധം 3

417/L/m(S&W)/2021

**V. ABDURAHIMAN**
MINISTER FOR SPORTS-WAQF &
HAJJ PILGRIMAGE-RAILWAYS,
POSTS & TELEGRAPHS
GOVERNMENT OF KERALA

**Thiruvananthapuram**
Date 01/11/2021

Dear Sri. Mukhtar Abbas Nagvi,

As part of the decision of the Union Government to reduce the Hajj embarkation points in the country from 21 to 10, in the wake of the covid pandemic, only Kochi International Airport was considered as Hajj embarkation point in Kerala.

Majority of the Hajj pilgrims of Kerala are from the northern part of the State. The Kerala State Hajj Committee is functioning at the Hajj House situated near International Airport, Calicut. The facilities and classes for the Hajj pilgrims are provided at the Hajj House, which are based on the International Airport ,Calicut. It is very much convenient for the pilgrims to arrive at the Calicut International Airport for heading towards the Hajj House to join the Hajj team.

The Covid situation in the country and state has changed for the better recently. In the present circumstances I may request you to reconsider the earlier decision and restore the status of International Airport, Calicut as embarkation point of Hajj pilgrimage 2022.

Awaiting a favourable decision

Yours Sincerely,

V.Abdurahiman

**Sri. Mukhtar Abbas Nagvi,**
Hon'ble Minister for Minority Affairs
11th floor, Pandit Deendayal Antyodaya Bhawan.
CGO Complex. Lodhi Road, New Delhi -110003

**Office : South Sandwich Block, 3rd Floor, Room No. 532**
**Government Secretariat, Thiruvananthapuram-695 001**
Phone-Office : 0471-2333526, 2327495 Mobile : 9400005600
E-mail : abdu.rahiman@kerala.gov.in min.sports@kerala.gov.in

**V. ABDURAHIMAN**
MINISTER FOR SPORTS-WAQF &
HAJJ PILGRIMAGE-RAILWAYS,
POSTS & TELEGRAPHS
GOVERNMENT OF KERALA

Thiruvananthapuram

Date 18.11.2021

458/L/M(S&W)2021

Respected **Scindia ji**,

This is to bring to your kind attention the hardships faced by the Hajj Pilgrims from Kerala due to the decision to exclude Kozhikode (Calicut Airport) as Hajj embarkation point and also the decision to stop operation of wide body aircrafts from Calicut Airport.

As per the provisional guidelines for Hajj 2022, issued by the Hajj Committee of India, only Kochi is retained as embarkation point in Kerala. Kozhikode was excluded earlier due to the situation arising out of Covid pandemic.

Reinstating Kozhikode as embarkation point for Hajj is highly essential since 80% of the Hajj pilgrims are from Malabar area and Kozhikode is the most convenient embarkation point for them. Hajj House is functioning there and elaborate permanent infrastructure facilities have been made near the airport to facilitate the movement of pilgrims.

It can be kindly seen that in the year 2019, total number of Hajj pilgrims who travelled from Kozhikode & Kochi are as follows.

**Kochi** - 2750 (Quota) + 6760 (Private)

**Kozhikode** - 11059 (Quota) + 8092 (Private)

I would also like to invite your attention to the fact that wide body aircrafts are not permitted operation from Kozhikode. This decision may also be reviewed, so as to make the journey of Hajj pilgrims comfortable. Kozhikode Airport is a profitable one and there were newspaper reports that the mishap which occured on 7th August 2020 was not due to the shortcomings of the airport but due to the lapse on the part of the pilot.

Office : South Sandwich Block, 3rd Floor, Room No. 532
Government Secretariat, Thiruvananthapuram-695 001
Phone-Office : 0471-2333526, 2327495 Mobile : 9400005600
E-mail : abdu.rahiman@kerala.gov.in min.sports@kerala.gov.in

In this connection, I may inform you that a Minister level meeting was held on 18/10/2021 to discuss various issues regarding Kozhikode Airport. It was decided to request the Ministry of Civil Aviation to restart operation of wide body aircrafts from Kozhikode.

It was also decided to bring to the notice of the Ministry, the necessity of acquiring 284 acres of land for the development of Airport, including extension of runway.

I would like to kindly look into the matters mentioned here and do the needful to

a. Permit operation of wide body aircrafts from Kozhikode Airport.
b. Make possible the development of Kozhikode airport, including runway .
c. Reinstate Kozhikode as Hajj embarkation point from this year.

In case if the Government feels that Kozhikode is not suitable as Hajj embarkation point this year due to operational reasons, atleast Kannur airport (KIAL) may be considered as Hajj embarkation point, which is most convenient for Hajj pilgrims of Malabar area. KIAL is totally operational and it have all infrastructure including 3500 mtr runway.

May kindly consider

With warm regards,

Yours Sincerely,

V.Abdurahiman

**Shri. Jyothiraditya Scindia ji**
**Hon. Union Minister for Civil Aviation.**

V. ABDURAHIMAN
MINISTER FOR SPORTS-WAQF &
HAJJ PILGRIMAGE-RAILWAYS,
POSTS & TELEGRAPHS
GOVERNMENT OF KERALA

Thiruvananthapuram

Date 10/03/2022

147/L/M(S&W)2022

Dear Shri Mukhtar Abbas Naqvi Ji,

I would like to invite your attention to my letter dated 18/11/2021 and our meeting during the month of December in connection with the reinstatement of Calicut International Airport as Hajj Embarkation Point in Kerala. But, You have expressed your difficulty on that point due to the precaution maintained based on the Covid-19 pandemic protocols.

However, the covid situation in our country has changed drastically and also Kerala has achieved 99% vaccination. So the State is looking forward for an increased Hajj quota for our country and proportionally to our State.

Here, the Hajj preparations, have been started by the State Hajj Committee. In the last meeting I have taken with the State Hajj Committee on 08/03/2022, they have once again raised concern about the alteration in the Hajj Embarkation Point from Calicut. During the previous years the Hajj Camp has been facilitated at the Hajj House in Calicut district considering the facilities available exclusively for the Hajj pilgrims and availability of Volunteers Once again it is to bring to your attention that, the transportation of the Hajj pilgrims and their luggages from the Hajj camp at Calicut to the Embarkation point which is now proposed at Kochi International Airport is a hard task. Reaching the embarkation point from the Hajj camp at Calicut within the

(cont...........2)

Office : South Sandwich Block, 3rd Floor, Room No. 532
Government Secretariat, Thiruvananthapuram-695 001
Phone-Office : 0471-2333526, 2327495 Mobile : 9400005600
E-mail : abdu.rahiman@kerala.gov.in min.sports@kerala.gov.in

**V. ABDURAHIMAN**
**MINISTER FOR SPORTS-WAQF & HAJJ PILGRIMAGE-RAILWAYS, POSTS & TELEGRAPHS**
**GOVERNMENT OF KERALA**

**Thiruvananthapuram**

Date.............................



stipulated time would become a challenge and create inconvenience to the pilgrims since a long distance has to be travelled via bus or by other means. Now since the age limit has been relaxed for Hajj, a lot more old age people are in the list of applicants from Kerala.

Hence, I would like to raise my request once again for considering the reinstatement of Calicut International Airport at Karipur as Hajj Embarkation point in Kerala for Hajj 2022 and also Kannur International Airport as a 2nd option for Hajj Embarkation, if the former one is not considered.

May Kindly consider once again

With warm regards & greetings

Yours Sincerely

V.Abdurahiman

**Sri. Mukhtar Abbas Naqvi,**
Hon'ble Minister for Minority Affairs,
Government of India.
11th floor, Pandit Deendayal Antyodaya Bhawan.
CGO Complex, Lodhi Road, New Delhi -110003